പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3988 21.10.2016 ൽ മറുപടി പറയേണ്ടിയിരുന്നത്

**ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് ഗവൺമെന്റ് കമ്മറ്റിയെ നിയോഗിച്ചിരുന്നുവോ; ഉണ്ടെങ്കിൽ കമ്മറ്റിയിലെ അംഗങ്ങൾ ആരൊക്കെ ആയിരുന്നു; ഈ കാര്യത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | എ) ഇൻഫർമേഷൻ കേരള മിഷൻ എന്ന സ്ഥാപനത്തിന്റെ ഘടനയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും ജീവനക്കാരെ ഏറ്റെടുക്കുന്നതും സംബന്ധിച്ച് പഠിക്കുന്നതിനായി 13.10.2015 ലെ സ.ഉ. (സാധാ) നം. 3116/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ശ്രീ.എസ്. ദിവാകരൻ പിള്ള ചെയർമാനും, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.സി.പി.സുരേഷ് കുമാർ കൺവീനറും, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ സയന്റിസ്റ്റും ഇൻഫർമേഷൻ കേരള മിഷൻ മുൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ശ്രീ.എം.ഷംസുദ്ദീൻ മെമ്പറുമായി ഒരു കമ്മറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഇപ്പോൾ ധനകാര്യവകുപ്പ് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ